പ്രൊബേഷൻ പൂർത്തിയാക്കാത്ത ജീവനക്കാർക്ക് പ്രമോഷൻ

34 (1942) ശ്രീമതി എൻ. കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമവികസന വകുപ്പിൽ പ്രൊബേഷൻ പൂർത്തിയാക്കാത്ത ജീവനക്കാർക്ക് പ്രമോഷൻ നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ അനുസരിച്ച് ശരിയാണോ ;

(സി) ഈ വിധത്തിൽ കൊടുത്ത പ്രൊമോഷൻ പുനഃപരിശോധിക്കുമോ ?

ഉത്തരം

(എ) താല്ക്കാലിക പ്രമോഷൻ നൽകിയിട്ടുണ്ട്.

(ബി) ശരിയാണ്.

(സി) പുനഃപരിശോധനയുടെ ആവശ്യം ഇല്ല.

ബി. ഡി. ഒ. ഇല്ലാത്ത ബ്ലോക്കുകൾ

35 (1943) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റൂറൽ ഡെവലപ്പ്മെന്റ് വകുപ്പിനു കീഴിലുള്ള ബ്ലോക്ക് ഓഫീസുകളിൽ ബി.ഡി.ഒ. മാർ ഇല്ലാത്ത ബ്ലോക്കുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ജീവനക്കാരില്ലാത്ത ബ്ലോക്കുകളിൽ നിലവിലുള്ള ഒഴിവുകൾ നികത്താൻ നടപടിയെടുക്കുമോ ;

(സി) കൊയിലാണ്ടി മണ്ഡലത്തിലെ പന്തലായനി ബ്ലോക്കിൽ ആവശ്യമായ ജീവനക്കാരില്ലാത്ത വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ജീവനക്കാരെ നിയമിക്കാൻ നടപടിയെടുക്കുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) നടപടി സ്വീകരിച്ചു വരുന്നു.

(സി) ഇല്ല.

(ഡി) ബാധകമല്ല.

---

†അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III

[08-07-1999-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 35 (1943) ദയവായി കാണുക]

ബി. ഡി. ഒ. ഇല്ലാത്ത ബ്ലോക്കുകൾ

1. ഓച്ചിറ
2. കാഞ്ഞിരപ്പള്ളി
3. ഏറ്റുമാനൂർ
4. കുവപ്പടി
5. വടവുകോട്
6. ആലങ്ങാട്
7. വൈപ്പിൻ
8. വെളിയനാട്
9. ചാലക്കുടി
10. വടക്കാഞ്ചേരി
11. ചാവക്കാട്
12. കൊല്ലങ്കോട്
13. നെന്മാറ
14. മലമ്പുഴ
15. അരിയക്കോട്
16. പൊന്നാനി
17. വേങ്ങര
18. ഇരിക്കൂർ
19. തലശ്ശേരി
20. കാസർഗോഡ്
21. തൂണേരി

LIBRARY ARCHIVES Kerala Legislative Assembly